# പതിനാലാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 178 04.06.2018-ൽ മറുപടിക്ക്**

## വരാപ്പുഴ കസ്റ്റഡി മരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. പി. കെ. ബഷീർ<br>ശ്രീ. കെ. എം. ഷാജി<br>ശ്രീ. പാറയ്ക്കൽ അബ്ദുല്ല | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വരാപ്പുഴയിൽ ശ്രീജിത്ത് എന്ന യുവാവ് പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ട സംഭവത്തിന് ഉത്തരവാദികളായവരെ കണ്ടെത്തിയിട്ടുണ്ടോ; | (എ) കണ്ടെത്തിയിട്ടുണ്ട്. |
| (ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ, പോലീസിന് നിലവിൽ നൽകി വരുന്ന പരിശീലനത്തിന് എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) സംസ്ഥാനത്തെ പോലീസ് സേനയിലെ പരിശീലനത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ പോലീസുകാർക്ക് അറസ്റ്റ് ആന്റ് കസ്റ്റോഡിയൽ മാനേജ്മെന്റ് എന്ന വിഷയത്തിൽ പരിശീലനം നടത്തി വരുന്നുണ്ട്. |

(സി) മരണപ്പെട്ട ശ്രീജിത്തിന്റെ കുടുംബത്തിന് എന്തെല്ലാം സഹായങ്ങൾ നൽകുവാനാണ് തീരുമാനിച്ചിരിക്കുന്നത്;

(ഡി) സർക്കാർ നൽകുന്ന സാമ്പത്തിക സഹായം, ഈ സംഭവത്തിന് ഉത്തരവാദികളായവരിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

(സി) യും (ഡി) യും

04.05.2018-ലെ സ.ഉ.(കൈ) നം. 169/2018/റവ ഉത്തരവ് പ്രകാരം പോലീസ് കസ്റ്റഡിയിൽ മരണമടഞ്ഞ ശ്രീജിത്തിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10,00,000/-(പത്ത് ലക്ഷം) രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ ധനസഹായമായി നൽകുന്ന പത്ത് ലക്ഷം രൂപ മരണത്തിനുത്തരവാദികളായ പോലീസുദ്യോഗസ്ഥരിൽ നിന്നും ഈടാക്കണമെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

കൂടാതെ ശ്രീജിത്തിന്റെ ഭാര്യ ശ്രീമതി അഖില ബി. പി. - യ്ക്ക് റവന്യൂ വകുപ്പിൽ എറണാകുളം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകി കൊണ്ട് 15.05.2018-ലെ സ.ഉ.(കൈ) നം.103/2018/പൊ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**